# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 999 — 03.12.2014-ൽ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ<br>ശ്രീ. വി.പി. സജീന്ദ്രൻ എം.എൽ.എ<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ എം.എൽ.എ<br>ശ്രീ. ഹൈബി ഈഡൻ എം.എൽ.എ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | എ), ബി) & സി) | 12-11-2009-ലെ സ.ഉ.(പി) നം. 100/09/ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000/- രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകി യിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ.(പി)99/2013/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു. |
| ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | | |
| സി) | ഈ വിഭാഗത്തിൽ എത്രപേർ ലോൺ എടുത്തിട്ടുണ്ട് ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

| | |
|---|---|
| | സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്. |

Salini K.J

**സെക്ഷൻ ഓഫീസർ**